ചെലവഴിച്ചു. പശ്ചാത്തല മേഖലയിൽ 2,80,441 രൂപ അനുവദിച്ചെങ്കിലും തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ഡി) കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

121 (2277) ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷനിലൂടെ അവസാനമായി നിയമനം നടത്തിയതെന്നാണ് എന്നറിയിക്കുമോ;

(ബി) അതിനുശേഷം ഈ തസ്തികയിൽ പ്രൊമോഷൻ നൽകാതിരുന്നതിന് കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സ് നിലവിൽ ഉണ്ടായിരുന്നുവോ;

(ഡി) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഉത്തരം

(എ) റിട്ട് അപ്പീൽ 69/95-ലെ കോടതിവിധി പാലിക്കുന്നതിനായി 21-9-98-ലാണ് അവസാനമായി ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്തിയത്.

(ബി) ഡി.പി.സി.യുമായി ബന്ധപ്പെട്ട് താൽക്കാലിക പ്രൊമോഷനെതിരെ സ്റ്റേ ഉണ്ടായിരുന്നതിനാലാണ് അതിനുശേഷം പ്രൊമോഷൻ വഴി നിയമനം നടത്താതിരുന്നത്.

(സി) വി.ഇ.ഒ. മാർക്കൊപ്പം പ്രൊമോഷൻ സാദ്ധ്യതകൾ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി കെ. ഇന്ദിര തുടങ്ങിയവർ ഫയൽ ചെയ്ത ഒ.പി. 11869/99 നിലവിലുണ്ട്.

(ഡി) സർക്കാർ ഭാഗത്ത് നിന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കേസ്സ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

122 (2278) വീട്ടുകരം വസൂലാക്കുന്ന നടപടി

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ രണ്ടു ക്വാർട്ടറായിട്ടാണോ വീട്ടുകരം വസൂലാക്കുന്നത് എന്നറിയിക്കുമോ; ഓരോ ക്വാർട്ടറും എന്നുമുതൽ എന്നുവരെയാണ് എന്നു വ്യക്തമാക്കുമോ;

(ബി) വീട്ടുകരം അടയ്ക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ക്വാർട്ടറിലും ഏതൊക്കെ തീയതികളാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) നിശ്ചിത തീയതിക്കുള്ളിൽ കരം അടയ്ക്കാത്തവരിൽ നിന്നു പിഴപ്പലിശ ഈടാക്കുന്നുണ്ടോ; എങ്കിൽ ഏതു നിരക്കിൽ;

LIBRARY ARCHIVES Kerala Legislative Assembly